Talented Bankers Literary Panel
പുസ്തകപരിചയം 88

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
എസ് ബി ഐ പാനൂർ

**ഹിമവാന്റെ മുകൾത്തട്ടിൽ.**
**(യാത്രാവിവരണം)**
**രാജൻ കാക്കനാടൻ**

" ആകാശം കറുത്തിരിക്കുന്നു. ഒറ്റ നക്ഷത്രം പോലും ദൃശ്യമല്ല. ആഞ്ഞടിക്കുന്ന കാറ്റ്. മഴ ഇടയ്ക്കിടെ ആർത്തു പെയ്യും. വീണ്ടും ഒട്ടൊന്നു ശമിക്കും. ശരീരം തണുത്തു വിറയ്ക്കുന്നു. പാദങ്ങളിൽ ശക്തമായ ഒഴുക്കു വന്നു തട്ടുന്നു."

ഏകദേശം അരനൂറ്റാണ്ട് മുമ്പ്...
ഹരിദ്വാറിൽനിന്ന് കേദാർനാഥ്, ബദരിനാഥ്, തുംഗനാഥ് എന്നിവിടങ്ങളിലേക്ക് രാജൻ കാക്കനാടൻ നടത്തിയ കാൽനടയാത്രയുടെ വിവരണമാണ് ഹിമവാന്റെ മുകൾത്തട്ടിൽ. മൈലുകളോളം ഏകനായി, കാൽനടയായി പർവതശൃഗങ്ങളുടെ ഭയാനകവും ഗംഭീരവും അപകടകരവുമായ പാതകളിലൂടെ സഞ്ചരിച്ച അദ്ദേഹത്തിന്റെ സാഹസികയാത്രയുടെ വിവരണം.
യാത്രാവിവരണഗ്രന്ഥങ്ങളിലെ ക്ളാസിക് എന്ന ബഹുമതിക്ക് അർഹമായ പുസ്തകം. മലയാളികൾ ആദ്യമായി വായിച്ചഹിമാലയ യാത്രാവിവരണങ്ങളിൽ ഒന്ന്.

സാധാരണയായി യാത്രവിവരങ്ങൾ ഇഷ്ടമാണെങ്കിലും, പഴയകാല യാത്ര പുസ്തകങ്ങളുടെ വായന കുറവാണ് . ഈ കാലത്ത് ആ കാഴ്ചകൾ മാറിയിട്ടുണ്ടാകുമെന്നും ഇന്ന് അതിന് പ്രസക്തി ഇല്ലെന്നുമുള്ള തോന്നലാണ് കാരണം. പക്ഷെ, ഈ പുസ്തകം വായിച്ചു തുടങ്ങിശേഷം എത്ര പെട്ടെന്നാണ് ആ കാലഘട്ടത്തിൽ എത്തിചേർന്നത്. അത്രക്കും ത്രസിപ്പിക്കുന്ന ഒന്നാണ് ഇതിലെ വിവരണങ്ങൾ.

വഴിയിൽ തന്റെ നിഴലും, അതു മാറുമ്പോൾ ഉണ്ടാകുന്ന മൂടൽമഞ്ഞും മാത്രമേ ആ സഞ്ചാരിക്ക് കൂട്ടുള്ളു. വല്ലപ്പോഴും കാണുന്ന ഗ്രാമങ്ങളിൽ നിന്നും ഭക്ഷണം, കാട്ടുചോലകളിൽ നിന്നും കുടിവെള്ളം. ഉറക്കം ചിലപ്പോൾ ഗുഹകളിൽ...

പലപ്പോഴും മരണത്തെ നേരിട്ട് ലക്ഷ്യസ്ഥാനത്ത് എത്തുമ്പോൾ ആദിയും അന്ത്യവും അതുതന്നെയെന്നു അദ്ദേഹത്തിന് തോന്നുന്നു. നിശ്ചലവും നിശ്ശബ്ദവുമായ വെറും ശൂന്യതമാത്രം.

ഈ യാത്രയിൽ അകലങ്ങളിലെ ഒരു ഇന്ത്യയെ നാം കാണുന്നുണ്ട്. ഉത്തരാഖണ്ടിലെ ഗഡുവാളി വിഭാഗം. അവരുടെ സംസ്കാരങ്ങളിലെക്കുള്ള ഒരു യാത്ര കൂടിയാണ് ഈ പുസ്തകം. ഡൽഹിയിലെ ഹോട്ടലുകളിൽ എച്ചിൽപാത്രം കഴുകി വീടുപുലർത്തുന്ന ഗഡുവാളി ബാലന്മാരുടെ നാടിന്റെ കഥ...

സന്യാസികളുടെ ജീവിതങ്ങൾ, ചില സന്യാസിമഠങ്ങളുടെ അഹന്തകൾ, വരുമാനം കുറഞ്ഞ ക്ഷേത്രപൂജാരികളുടെ കഷ്ടപ്പെടലുകൾ തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ നമുക്കീ വായനയിൽ നിന്നും കിട്ടുന്നു. ഒറ്റക്കുള്ള കാൽനട യാത്രയിൽ അദ്ദേഹത്തിന് കിട്ടിയ അതെ അനുഭൂതി നമ്മൾക്കും കിട്ടുന്ന ലളിത ഭാഷ.

പുസ്തകത്തിൽ ഒരിടത്ത് അദ്ദേഹം ചോദിക്കുന്നു, ഇത്രയും ദുർഘടങ്ങളായ മലകളിൽ പൂജാവിഗ്രഹങ്ങൾ പ്രതിഷ്ഠ നടത്താനുള്ള കാരണം എന്താകും, വെറും ഭക്തിയൊ അതോ മനുഷ്യന്റെ സാഹസികസ്വഭാവമോ... പ്രയാസം സഹിച്ചു നേടുന്നതെന്തും വിലപ്പെട്ടതായതിനാലോ..

പുസ്തകം വായിച്ചു തീരുമ്പോൾ ഈ യാത്രക്ക് അദ്ദേഹത്തിന് പ്രചോദനം ആയ ഒരു സുഹൃത്തിന്റെ വാക്കുകൾ ഒരിക്കൽ കൂടി പറയേണ്ടി വരും

ഹിമാലയത്തിന്റെ മുകൾത്തട്ടിൽ എത്തിച്ചേരുന്നതുവരെ അതേക്കുറിച്ചുള്ള ഏതുവിവരണവും അതിശയോക്തിപരമായിരിക്കും.
അവിടെയെത്തിയാൽ എല്ലാം മറക്കും. എത്ര ഭാംഗ് കഴിച്ചാലും ആ അനുഭൂതി കിട്ടില്ല.

പ്രസിദ്ധ സാഹിത്യകാരൻ കാക്കനാടന്റെ സഹോദരൻ ആണ് രാജൻ കാക്കനാടൻ. 2003 മുതൽ പൂർണ്ണ പബ്ലിക്കേഷൻ ആണ് പ്രസാധകർ, വില 175 രൂപ.